# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2426 18.06.2014 - ൽ മറുപടിക്ക്

## ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ശുദ്ധജല വിതരണത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ഇവയൊന്നും വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയിട്ടില്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ ; | (എ) ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ചെറുതും വലുതുമായി ഏകദേശം 1247 കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ ഈ പദ്ധതികളിലൂടെയാണ് സംസ്ഥാനത്ത് കുടിവെള്ള വിതരണം നടത്തിവരുന്നത്. ഇതിനു പുറമേ വിവിധ വിഭാഗങ്ങളിലായി അംഗീകാരം ലഭിച്ച 335 കുടിവെള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. നിലവിൽ ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 'മിഷൻ 676' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതിനുള്ളിൽ 250 പദ്ധതികൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ജലനിധി പദ്ധതി പ്രകാരം പൂർത്തീകരിക്കുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നത് ഗുണഭോക്തൃ സംഘങ്ങളാണ്. എന്നിരുന്നാലും പൂർത്തീകരിച്ച പദ്ധതികളുടെ നടത്തിപ്പുരീതിയും, |

| | | | |
|---|---|---|---|
| | | | സുസ്ഥിരതാവിശകലനവും കെ.ആർ.ഡബ്ല്യൂ.എസ്.എ. (KRWSA) കാലാകാലങ്ങളിൽ നടത്താറുണ്ട്. |
| (ബി) | വീടുകളിൽ കുടിവെള്ളമെത്തിക്കുന്നതിൽ ദേശീയ ശരാശരിയിലും താഴെയാണ് കേരളത്തിന്റെ സ്ഥാനമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര ശതമാനം വീടുകളിൽ കുടിവെള്ളം എത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 2011 സെൻസസ് പ്രകാരം സംസ്ഥാനത്ത് 29.3% വീടുകളിൽ പൈപ്പ് വഴി കുടിവെള്ളം നൽകി വരുന്നു.<br><br>ജലനിധി ഒന്നാം ഘട്ടത്തിൽ 112 ഗ്രാമ പഞ്ചായത്തുകളിലായി 1,91,865 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കി. ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം 31/05/2014 വരെയുള്ള കണക്കനുസരിച്ച് 10,595 കുടുംബങ്ങൾക്ക് ശുദ്ധജലവിതരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ